# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെല്ലായ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD(16)1004/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നെല്ലായ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD(16)1004/22 തീയ്യതി: 21/07/2022

## പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2018 മുതൽ 03-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ. | ഡെപ്യൂട്ടി ഡയറക്ടർ | 12-04-2022 | 19-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-04-2022 | 19-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ.ടി.കെ, ഓഡിറ്റ് ഓഫീസർ

ശ്രീമതി.രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ഷബ്ലദാസ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.മോഹനൻ.കെ.എ, ഓഡിറ്റർ

ശ്രീ.രാജൻ.എ, ഓഡിറ്റർ ട്രെയിനി

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മഹമ്മദ് ഷാഫി.പി.കെ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-12-2020 | 26-12-2020 |
| ശ്രീ.അജേഷ്.കെ | പ്രസിഡന്റ് | 27-12-2020 | 31-03-2021 |
| ശ്രീമതി.സുനി.ബി.ടി | സെക്രട്ടറി | 01-04-2020 | 14-06-2020 |
| ശ്രീമതി.നിനിത.ആർ.എച്ച് | സെക്രട്ടറി | 15-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സന്ധ്യ രാജൻ | അസി.സെക്രട്ടറി | 01-04-2020 | 17-09-2020 |
| ശ്രീമതി.ആശാ.ആർ | അസി.സെക്രട്ടറി | 18-09-2020 | 21-12-2020 |
| ശ്രീമതി.സോഫിയ ആർ | അസി.സെക്രട്ടറി | 22-12-2020 | 31-03-2021 |
| ശ്രീ.നിനാദ് .കെ.ആർ | അസി.എൻജിനിയർ | 01-04-2020 | 20-08-2020 |
| ശ്രീമതി.അഖില.പി,എസ് | അസി.എൻജിനിയർ | 21-08-2020 | 31-01-2021 |
| ശ്രീമതി.രാധ. | അസി.എൻജിനിയർ | 01-02-2021 | 10-03-2021 |
| ശ്രീമതി.അഖില.പി.എസ് | അസി.എൻജിനിയർ | 11-03-2021 | 31-03-2021 |
| ശ്രീ.നിഖിൽ.കെ | കൃഷി ഓഫീസർ | 01-04-2020 | 28-05-2020 |
| ശ്രീമതി.സ്വാതി.പി.എസ് | കൃഷി ഓഫീസർ | 29-05-2020 | 22-06-2020 |
| ശ്രീമതി.മഞ്ജു.എ പിള്ള | കൃഷി ഓഫീസർ | 23-06-2020 | 15-03-2021 |
| ശ്രീ.ലാല്വ.കെ | കൃഷി ഓഫീസർ | 16-03-2021 | 31-03-2021 |
| ശ്രീ.അനീഷ് രാജ് | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.പവിഴകുമാരി.എൽ | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമനോജ്.വൈ | വി.ഇ.ഒ | 01-04-2020 | 15-09-2022 |
| ശ്രീ.ലാല്വ.കെ | വി.ഇ.ഒ | 16-09-2020 | 31-03-2021 |
| ശ്രീമതി.ഉഷ.എം | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| ഡോ.ഫസീല.പി | MO(PHC) | 01-04-2020 | 23-09-2022 |
| ഡോ.സുബൈദ നാലകത്ത് | MO(PHC) | 24-09-2020 | 24-11-2020 |
| ഡോ.ടീന മരിയ ജോസ് | MO(PHC) | 25-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.രമ്യ.കെ.ആർ | MO(ISM) | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രിയ.പി.ബി | ഡി.ഇ.ഒ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-1 |
| 2 | ബജറ്റ് -യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-1-1 |
| 3 | വാർഷീക ധനകാര്യപത്രിക<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-2 |
| 4 | വാർഷിക കണക്ക് അപാകതകൾ<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 18-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 08-04-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-4 |
| 7 | ഫണ്ട് വിനിയോഗം -1.43 കോടി ലാപ്സാക്കി<br>Written By: Ramadevi.K.R (Senior Grade Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-5 |
| 9 | ക്ഷേമപ്പെൻഷൻ<br>Written By: Ramadevi.K.R (Senior Grade Auditor, On 08-04-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-6 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: T.K.Nasseer (Audit Officer, On 18-04-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-7-1 |
| 12 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mohanan K.A (Auditor, On 12-04-2022)<br>Last Updated By: Mohanan K.A (Auditor, On 12-04-2022) | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-9 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Mohanan K.A (Auditor, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-10 |
| 15 | കൃഷി ഓഫീസർ -രശീത് കളക്ഷൻ അപാകതകൾ<br>Written By: Mohanan K.A (Auditor, On 20-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-11 |
| 16 | കുടിവെള്ള പദ്ധതികൾ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 20-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-12 |
| 17 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-13 |

| | | |
|---|---|---|
| | Written By: Mohanan K.A (Auditor, On 21-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | |
| 18 | റേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരണം<br>Written By: Mohanan K.A (Auditor, On 21-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-14 |
| 19 | ഷോപ്പിംഗ് കോംപ്ളക്സ് വാടക ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 21-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-15 |
| 20 | വീട് റിപ്പയർ - അനുവദനീയ തുക വകയിരുത്തിയിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 24-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-16 |
| 21 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം- അപാകതകൾ<br>Written By: K. Rajan (Auditor Trainee, On 24-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 01-07-2022) | 1-17 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 24-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-18 |
| 23 | ഡെപ്പോസിറ്റ് പ്രവർത്തികൾ- (തനത് ഫണ്ട് )വിനിയോഗ വിവരം ലഭ്യമാക്കണം<br>Written By: Ramadevi.K.R (Senior Grade Auditor, On 24-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-18-1 |
| 24 | ഡെപ്പോസിറ്റ് പ്രവർത്തി-(ജനറൽ)-വിനിയോഗ വിവരം ലഭ്യമാക്കണം<br>Written By: Ramadevi.K.R (Senior Grade Auditor, On 24-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-18-2 |
| 25 | ഡപ്പോസിറ്റ് പ്രവർത്തി(SCP)-വിനിയോഗ വിവരം ലഭ്യമാക്കണം<br>Written By: Ramadevi.K.R (Senior Grade Auditor, On 24-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-18-3 |
| 26 | വയോജനങ്ങൾക്ക് കട്ടിൽ- വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ<br>Written By: S.Sabna Das (Senior Grade Auditor, On 01-05-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-19 |
| 27 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 24-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 01-07-2022) | 1-20 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം-അപാകതകൾ<br>Written By: K. Rajan (Auditor Trainee, On 26-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-21 |
| 29 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 01-05-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 01-05-2022) | 1-22 |
| 30 | മരാമത്ത്-പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ<br>Written By: T.K.Nasseer (Audit Officer, On 02-05-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 21-07-2022) | 1-23 |
| 31 | അസി.എൻജിനിയർ -2 ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുന്നത് ക്രമപ്രകാരമല്ല<br>Written By: T.K.Nasseer (Audit Officer, On 10-05-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 1-24 |
| 32 | മരാമത്ത്-കൺവീനറിൽ നിന്ന് ആദായ നികുതി കുറവായി ഈടാക്കി<br>Written By: T.K.Nasseer (Audit Officer, On 02-05-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-25 |
| 33 | പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: T.K.Nasseer (Audit Officer, On 02-05-2022)<br>Last Updated By: T.K.Nasseer (Audit Officer, On 01-07-2022) | 1-26 |

| | | |
|---|---|---|
| 34 | MG(NR) ഫണ്ട് -പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടാത്ത കെട്ടിടത്തിന് വിനിയോഗിച്ചു<br>Written By: T.K.Nasseer (Audit Officer, On 02-05-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-27 |
| 35 | അംഗനവാടികളുടെ അറ്റകുറ്റപ്പണി -എഗ്രിമെന്റ് പ്രകാരമമുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല.<br>Written By: T.K.Nasseer (Audit Officer, On 02-05-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-28 |
| 36 | മരാമത്ത് പ്രവർത്തികൾ -അവലോകനം<br>Written By: T.K.Nasseer (Audit Officer, On 02-05-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-29 |
| 37 | പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 03-05-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-30 |
| 38 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതികൾ- നടപടിക്രമങ്ങളിൽ അപാകം<br>Written By: Ramadevi.K.R (Senior Grade Auditor, On 03-05-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-31 |
| 39 | മിനി ഹൈമാസ്റ്റ് ലൈറ്റ് വാങ്ങൽ പദ്ധതി- നടപടിക്രമങ്ങളിൽ അപാകം<br>Written By: Ramadevi.K.R (Senior Grade Auditor, On 03-05-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 10-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 03-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 01-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 03-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 03-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: T.K.Nasseer (Audit Officer, On 11-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 21-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: T.K.Nasseer (Audit Officer, On 08-04-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 21-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

17-03-20-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1 പ്രകാരം 2020-21വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 2.2.2021 ലെ തീരുമാനം നം. (1)പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 8032621 |
| തൻവർഷം വരവ് | 199307000 |
| ആകെ വരവ് | 207339621 |
| ചെലവ് | 195823139 |
| നീക്കിയിരിപ്പ് | 11516482 |

## 1-1-1 ബജറ്റ് -യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്

| | വാർഷിക കണക്ക് | ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 31586925 | 8032621 |
| വരവ് | 84043408 | 199307000 |
| ആകെ | 115630333 | 207339621 |
| ചെലവ് | 100445974 | 195823139 |
| നീക്കിയിരിപ്പ് | 15184359 | 11516482 |

യാഥാർത്ഥ്യ ബോദ്ധ്യത്തോടുകൂടിയ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-2 വാർഷീക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 20-21 | 31-7-2021 | 23-05-2021 | - | - |

## 1-2-1 വാർഷിക കണക്ക് അപാകതകൾ

വാർഷിക കണക്ക് പരിശോധന അപാകതകൾ

1.വിവിധ അക്കൗണ്ടുകളുടെ ക്യാഷ് ബുക്ക്/റീകൺസിലിയേഷൻസ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്കിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ടി അക്കൗണ്ടുകളിലെ ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പാണ് AFS ൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്.

A) വിജയാ ബാങ്ക് (തനത്ഫണ്ട്)

B) ട്രഷറി അക്കൗണ്ട് (തനത് ഫണ്ട്)

C) വിജയാ ബാങ്ക് (NREGS)

D) ട്രഷറി അക്കൗണ്ട്(ജോയിന്റ് വെഞ്ചർ)

2.വസ്തുനികുതി -ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്ററിലെ തുകകളും വാർഷിക കണക്കിലെ തുകകയും പൊരുത്തപ്പെടുന്നില്ല .

3.ജോയിന്റ് വെഞ്ചർ പ്രോജക്ടുകൾക്കായിപ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.അഡ്വാൻസ് രജിസ്റ്ററിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുകയുടെ സംക്ഷിപ്തം മാത്രമാണ് എഴുതിയിട്ടുള്ളത് .

വിവിധ ഹെഡുകളിലുള്ള മുന്നിരിപ്പ്, നല്കിയ തുക, ക്രമീകരിച്ച തുക എന്നിവ സംക്ഷിപ്തത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഹെഡിലും മുന്നിരിപ്പ്, ലഭിച്ച തുക , റീഫണ്ട് തുക എന്നിവയില്ലാതെ നീക്കിയിരിപ്പ് വിവരങ്ങൾ മാത്രമാണ് സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുള്ളത്.

6.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1000000 രൂപ നീക്കിയിരിപ്പുണ്ട്. ടി തുക ഏത് പദ്ധതിയ്ക്കായി, ഏത് വർഷത്തിൽ ലഭിച്ച തുകയാണ് എന്നതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

7.MGNREGS അഡ്മിൻ ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

8.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിന്റെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

വാർഷിക കണക്കിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഇവ തുടർവർഷത്തിൽ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31586925 |
| വരവ് | 84043408 |
| ആകെ | 115630333 |
| ചെലവ് | 100445974 |
| നീക്കിയിരിപ്പ് | 15184359 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 14819827 | 14819827 | 14819449 | 378 |
| പ്ലാൻ (SCP) | 0 | 8627039 | 8627039 | 8617412 | 9627 |
| CFC (BASIC ) | 0 | 14846967 | 14846967 | 8136410 | 6710557 |
| CFC (TIED) | 0 | 6610000 | 6610000 | 778819 | 5831181 |
| റോഡ് (MG) | 0 | 11772000 | 11772000 | 8439370 | 3332630 |
| റോഡിതരം (MG) | 0 | 4836580 | 4836580 | 3382338 | 1454242 |

കേന്ദ്രാവിഷ്കൃതം

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | സംയോജിത ശിശു വികസന പദ്ധതി | 1834792 | 1143457 | 2978249 | 12000 | 2966249 |
| | TSC | 861825 | 190000 | 1051825 | 0 | 1051825 |

സംസ്ഥാനാവിഷ്കൃതം

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2757150 | 2757150 | 2757150 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 2812000 | 2812000 | 2812000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 8160291 | 15740406 | 23900697 | 8160291 | 15740406 |

## 1-4-1 ഫണ്ട് വിനിയോഗം -1.43 കോടി ലാപ്സാക്കി

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 14819827 | 14819827 | 14819449 | 378 | 99% |
| പ്ലാൻ (SCP) | 0 | 8627039 | 8627039 | 8617412 | 9627 | 99% |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 | 0 |
| CFC (BASIC ) | 0 | 14846967 | 14846967 | 8136410 | 6710557 | 55% |
| CFC (TIED) | 0 | 6610000 | 6610000 | 778819 | 5831181 | 12% |
| റോഡ് (MG) | 0 | 11772000 | 11772000 | 8439370 | 3332630 | |
| റോഡിതരം (MG) | 0 | 4836580 | 4836580 | 3382338 | 1454242 | |
| ആകെ | 0 | 58513046 | 58513046 | 44173798 | 14339248 | 75% |

തൻവർഷം ആകെ ലഭ്യമായ 5.85 കോടി രൂപയിൽ 4.41 കോടി മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത് 1.43 കോടി രൂപ ലാപ്സായി. പൂർണ്ണ തോതിലുള്ള പദ്ധതി നിർവ്വഹണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 328 | 120919025 | 248 | 67252193 | 80 | 0 | 56 |

1-5-1

| നിർവ്വഹണോദ്യോ | പ്രൊജക്കുകൾ | നിർവ്വണം | നടപ്പിലാ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഗസ്ഥൻ | | നടത്തിയത് | ക്കാത്തവ | | | |
| കൃഷി ഓഫീസർ | 9 | 8 | 1 | 10691529 | 6491529 | 61% |
| വെറ്റിനറി സർജ്ജൻ | 3 | 3 | 0 | 4074000 | 1374000 | 34% |
| MO (PHC) | 6 | 3 | 3 | 2657000 | 1928026 | 73% |
| MO (HOMEO) | 5 | 2 | 3 | 2657000 | 1928026 | 73% |
| MO (AYUR) | 1 | 1 | 0 | 800000 | 800000 | 100% |
| VEO | 14 | 10 | 4 | 32792425 | 10672600 | 33% |
| ICDS | 10 | 6 | 3 | 7109830 | 5699994 | 80% |
| DEO | 1 | 1 | 0 | 1040000 | 842613 | 81% |
| സെക്രട്ടറി | 37 | 32 | 5 | 12610201 | 9169001 | 73% |
| അസി.എൻജി. | 229 | 172 | 57 | 40773996 | 24782900 | 61% |
| ഹെഡ് മാസ്റ്റർ | 0 | 0 | 0 | 0 | 0 | 0% |
| അസി.സെക്രട്ടറി | 18 | 14 | 4 | 8370044 | 5491530 | 6% |
| ആകെ | 328 | 248 | 80 | 120919025 | 67252193 | 56% |

ആകെ 12.09 കോടി അടങ്കലിൽ 6.72 കോടി മാത്രം ചെലവഴിക്കപ്പെട്ട (56 %) മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 ക്ഷേമപ്പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 4780500 | 287 |
| 2 | വിധവാ പെൻഷൻ | 21600800 | 1407 |
| 3 | വാർദ്ധക്യകാല പെൻഷൻ | 42368800 | 2965 |
| 4 | വികലാംഗ പെൻഷൻ | 7605400 | 588 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1455600 | 103 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 229789 | 3165853 | 3395642 | 2995431 | 400211 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11585569 | 11585569 | 11585569 | 0 |
| ആകെ | 229789 | 14751422 | 14981211 | 14581000 | 400211 |

### 1-7-1 തൊഴിലുറപ്പ് പദ്ധതി അവലോകനം

| ക്രമനം. | വിശദാംശം | |
|---|---|---|

| ക്രമനം. | വിശദാംശം | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4705 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4705 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 275 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 21070000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 161 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 161 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 75 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 14751422 |
| 9 | തൻവർഷത്തെ ചെലവ് | 14581000 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 871 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 776 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 48 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 14 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | |

20-21 വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 14പ്രവർത്തികൾ തൊഴിലുറപ്പപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്

| പ്രവർത്തി | എണ്ണം |
|---|---|
| റോഡ് | 18 |
| കോഴിക്കൂട് | 8 |
| ആട്ടിൻകൂട് | 3 |
| തൊഴുത്ത് | 5 |
| കയർ ഭൂവസ്ത്രം | 1 |
| കിണർ റിച്ചാർജ്ജ് | 7 |
| ആകെ ചെലവ് | 3499000 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-04-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 160/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-02-2022 മുതൽ 08-02-2022 വരെ | 01-01-2022 മുതൽ | ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | | 31-01-2022 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-04-2010 മുതൽ 17-04-2010 വരെ | 2005-06 മുതൽ 2009-10 വരെ | 21-05-2010 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തേണ്ടതും ക്യാഷ് ബുക്ക് പ്രിന്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്

വരവു ചെലവുകൾ അതാതു കാലയളവിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്നും വാർഷിക കണക്കിൽ പ്രതിഫലിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം. കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടശേഷം, ആറു മാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം. എന്നാൽ ഓഡിറ്റ് കാലയളവു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തെണ്ടതാണ്.
ആസ്തി സംരക്ഷണ ഗ്രൻറുകൾ സമയ ബന്ധിതമായി ചെലവഴിക്കപ്പെടാത്തതിനാൽ വലിയ തുക ലാപ്സായിട്ടുണ്ട്.സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ തുടർനടപടി സംബന്ധിച്ച് മോണിട്ടറിങ് കാര്യക്ഷമമല്ല (ഉദാ- പഞ്ചായത്ത് ഓഫീസിലെ സോളാർ പദ്ധതി,പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് )മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്ന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 കൃഷി ഓഫീസർ -രശീത് കളക്ഷൻ അപാകതകൾ

(എ) 16-09 2020 ന് കൃഷി ഓഫീസർക്ക് നൽകിയ രശീത് ബുക്ക് 19951 ലെ (നെല്ല് വിത്ത്, ഗ്രോബാഗ് ഗുണഭോക്തൃ വിഹിതം) 03-09-2020 മുതൽ 12-09-2020 വരെയുള്ള കളക്ഷൻ തുക 184590 /- രൂപ 18-09-2020 ന് ആണ് ബാങ്കിൽ അടവാക്കിയിട്ടുള്ളത്. (രശീത് നമ്പർ : 120010101691).

(ബി) 12-08-2021 ന് കൃഷി ഓഫീസർക്ക് നൽകിയ രശീത് ബുക്ക് 5391ലെ രശീത് നമ്പർ 1 മുതൽ 21 വരെ (തേനീച്ച വളർത്തൽ ഗുണഭോക്തൃവിഹിതം) രശീത് പാർട്ടിക്ക് നൽകിയിട്ടില്ല. രശീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

KFC Vol.1/article 8 പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത/തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കാണ്ടതാണ്. TR 5 KTC Vol 1- Article 90(a). മാന്വൽ പ്രകാരം രശീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : (2/11-04-2022) ന് നൽകിയ മറുപടി (എ) പരിചയകുറവു മൂലം കർഷകർ ഗുണഭോക്തൃ വിഹിതം നൽകിയപ്പോൾ രശീതി ബുക്ക് ലഭിക്കുന്നതിനു മുമ്പ് സ്വീകരിക്കുകയും, ആയത് കൃത്യമായി കളക്ഷൻ രജിസ്റ്ററിലും, ക്യാഷ് ബുക്കിലും വരവ് വെക്കുകയും, 16-09-2022 ന് രശീത് ബുക്ക് കിട്ടിയ ശേഷം രശീതി കൃത്യമായി കർഷകർക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട രശീതികൾ കർഷകർക്ക് നൽകുന്നതാണെന്നും, പരിചയകുറവ് മൂലമാണ് കർഷകർക്ക് ഗുണഭോക്തൃ വിഹിതം നൽകിയപ്പോൾ രശീതി നൽകാതിരുന്നതും, ഡബിൾസൈഡ് കാർബൺ ഉപയോഗിക്കാതിരുന്നതെന്നും ഒരു തുക പോലും ദുരുപയോഗം ചെയ്തിട്ടില്ലെന്നും, തെറ്റുകൾ ആവർത്തിക്കുകയില്ലെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

1-12 കുടിവെള്ള പദ്ധതികൾ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

(1)

| | |
|---|---|
| പ്രൊജക്റ്റ് | പ്രോജക്റ്റ് നം-24/19 (253/21) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട് -(എസ്.സി.പി)-175000/-<br>ആകെ- 175000/- |
| ചെലവ് | 125000/- |
| ബിൽ നം. | 10/24.4.2020 |

(2)

| | |
|---|---|
| പ്രൊജക്റ്റ് | പ്രോജക്റ്റ് നം-144/20 (291/21) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | വികസന ഫണ്ട് -(എസ്.സി.പി)-150000/-<br>ആകെ-150000/- |
| ചെലവ് | 150000/- |
| ബിൽ നം. | 9/30.4.2020 |

2020-21 ൽ പട്ടികജാതി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, സമഗ്ര കുടിവെള്ളം എന്നീ രണ്ട് പദ്ധതികളിലായി 275000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കായി നടത്തുന്നതിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതായി ഫയൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.13/20-21/12.4.22) പ്രവൃത്തി പൂർത്തിയായി ബിൽ നിൽകിയിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. തുക വിനിയോഗിച്ചതിന്റെ വിശദമായ രേഖകൾ സഹിതം കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാർ, ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി 2020-2021സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

(എ) പഞ്ചായത്ത് വർക്കുകൾ ഏറ്റെടുത്തുനടത്തുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.(ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി ,എ.ഇ യുടെ ടെൻണ്ടർ രജിസ്റ്റർ ആധാരമാക്കി തയ്യാറാക്കിയത് )

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | മുഹമ്മദലി. പി. |
| 2 | രവീന്ദ്രൻ. എം. |
| 3 | അബ്ദുൾ ലത്തീഫ്. പി. |

| | |
|---|---|
| 4 | രാധാകൃഷ്ണൻ. കെ.പി. |
| 5 | മുഹമ്മദ് കുട്ടി. എ. |
| 6 | അബ്ദുൾ അഷ്റഫ്. സി. |
| 7 | ഒ.കെ.ബഷീർ |
| 8 | മുഹമ്മദ് മുസ്തഫ |
| 9 | സൈതലവി. കെ. |
| 10 | ജിനേഷ്. കെ.ജി. |
| 11 | മുഹമ്മദ് റഫീഖ്. കെ.ടി. |
| 12 | അബ്ദുൾ റഹിമാൻ. പി. |
| 13 | മുഹമ്മദ് ഷഫീഖ്. വി.എം. |
| 14 | സൈനുദ്ദീൻ. കെ.പി. |
| 15 | ഹാജാ ഹുസൈൻ |
| 16 | കുഞ്ഞിമുഹമ്മദ്. സി. |

(ബി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | മാവേലി സ്റ്റോർ നെല്ലായ (Saji. A. Asst. Salesman) | രണ്ടാം അർദ്ധവർഷം |
| 2 | നെല്ലായ പോസ്റ്റ് ഓഫീസ് | ഒന്നാം അർദ്ധവർഷം |
| 3 | MTI സെൻട്രൽ സ്കൂൾ പട്ടൻചിറ | രണ്ടാം അർദ്ധവർഷം |
| 4 | രാജിത. വി. പ്രേരക്, നെല്ലായ ഗ്രാമ പഞ്ചായത്ത് | രണ്ടാം അർദ്ധവർഷം |
| 5 | സുജാത (PTS) നെല്ലായ ഗ്രാമ പഞ്ചായത്ത് | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | പ്രശാന്ത്. കെ. ക്ളാർക്ക്, നെല്ലായ ഗ്രാമ പഞ്ചായത്ത് (Daily Wages) | ഒന്നും രണ്ടും അർദ്ധവർഷം |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/11-04-2022) നൽകിയ മറുപടി : (എ) അംഗീകൃത കരാറുകാർ സമീപ പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കിയതായി പറയുന്നുണ്ട്. (ബി) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കുന്നതാണ്.

തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 റേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരണം

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റും സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-2021വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

(എ) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്ക് ലൈസെൻസ് ആവശ്യമാണ്. (സിവിൽ സപ്ളൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ : (സി.എസ്) എ-9-764/2019 തിയതി. 22-01-2019 പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) 31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2020-21 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം അവക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 11/12-04-20220 ന് മറുപടി ലഭ്യമായിട്ടില്ല.

1-15 ഷോപ്പിംഗ് കോംപ്ളക്സ് വാടക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സ് വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന വാടകക്കാരനിൽ നിന്നും 2020-21 വർഷത്തിൽ വാടക പിരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | റൂം നമ്പർ | വാടകക്കാരൻ | കുടിശ്ശിക സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | 9/117 | സുരേഷ്. കെ | ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ |

വാടകക്കാരനിൽ നിന്നും 1044/- മാസ വാടക, CGST, SGST, F.C, P.I എന്നിവ അടക്കം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

വാടകക്കാരനിൽ നിന്നും വാടക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് അന്വേഷണം : 20/16-04-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 വീട് റിപ്പയർ - അനുവദനീയ തുക വകയിരുത്തിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | നം.11/20-21വീട് റിപ്പയർ(ജനറൽ) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ | വികസന ഫണ്ട് ജനറൽ-700000/-<br>തനത് ഫണ്ട്- 60000/-<br>ആകെ- 760000/- |
| ചെലവ് | 570000/-<br>ബിൽനം: 19/12.1.21-200000/-<br>26/22.1.21- 70000/-<br>30/11.2.21-170000/-<br>50/29.3.21-130000/- |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7.6 പ്രകാരം വീട് പുനരുദ്ധാരണം ജനറൽ വിഭാഗത്തിന് പരാമവധി 1,00,000/- രൂപയും എസ് സി വിഭാഗത്തിന് 1,50,000/- അനുവദിക്കാവുന്നതാണ്. മേൽ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് 20,000/- മാത്രമാണ് ഒരു ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. ഇതുമൂലം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ വീടുകൾ പൂർണ്ണമായും റിപ്പയർ ചെയ്യാൻ കഴിഞ്ഞിട്ടില്ല. സർക്കാർ നിശ്ചയിച്ച തുകയുടെ ചെറിയ ഭാഗം മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഏറ്റവും യോഗ്യരായവർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനു പകരം കൂടുതൽ ഗുണഭോക്താക്കൾക്ക് ചെറിയ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ചെറിയ തുക നൽകുന്നതു വഴി എറ്റവും അർഹരായവർക്ക് ആവശ്യമായ ആനുകൂല്യം കിട്ടാതെ വരുന്നു. മതിയായ തുക വകയിരുത്താത്തതിനുള്ള കാരണം വിശദീകരിക്കേണ്ടത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.22/20-21/18.4.2022) ന് ഭരണ സമിതി തീരുമാനം നടപ്പിലാക്കുക മാത്രമാണ് ചെയ്തതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മതിയായ തുക വകയിരുത്തി അർഹമായ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | 265/21 - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം (സ്പിൽ ഓവർ 42/20) |
| നിർവഹണം | അസി.സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട് - എസ്.സിപി- 374544/- |
| ചെലവ് | വികസന ഫണ്ട് - എസ്.സിപി- 374544/- |

| | |
|---|---|
| ബിൽ നം/തിയ്യതി | 1/20-21/24.4.2020- 374544/-<br>(കെൽട്രോൺ ) (22895/- രൂപ നിരക്കിൽ) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണ പദ്ധതിയിലുൾപ്പെടുത്തി 374544/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നാണ് ലാപ് ടോപ്പ് വാങ്ങിയിട്ടുള്ളത്. GO(P) 2/2018 /SPD /28.4.2018 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങൾ ഒഴികെ ഉള്ളവ GEM മുഖേന വാങ്ങണം എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ഫയലുകൾ പരിശോധിച്ചതിൽ 4 ലാപ്ടോപ്പുകൾ വിതരണം ചെയ്തതായി കാണുന്നില്ല. ലാപ്ടോപ്പുകൾ സ്പസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് പഞ്ചായത്ത് TA യുടെ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/20-21/13.4.22) ലാപ് ടോപുകൾ കെൽട്രോണിൽ നിന്ന് വാങ്ങിയത് സി.പി.ആർ.സി.എസ്. മുഖേനയാണ് എന്നാണ്( സർക്കുലർ നം.LSGD-Da1/153/2020/dt. 07/09/2020). 4 ലാപ് ടോപുകൾ ലഭിക്കാൻ കാലതാമസം ഉണ്ടായെന്നും ഇവ 21-22 വർഷത്തിൽ വിദ്യാർത്ഥികൾക്ക് നൽകിയ രേഖകളും ടി.എ.യുടെ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ ലാപ് ടോപുകൾ വിതരണം ചെയ്യുമ്പോൾ സമയബന്ധിതമായി തന്നെ വിദ്യാർത്ഥികൾക്ക് ലഭ്യമാവുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ കെ. എസ്. ഇ.ബി , കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

മേൽ പ്രവൃത്തികൾ നടത്തുന്നതിനായി കെ.എസ്.ഇ.ബി, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങളിലേക്ക് നല്കിയ തുകകളുടെ വിനിയോഗ വിവരം , പദ്ധതികളുടെ നിലവിലെ സ്ഥിതി , വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടത്. തുക കൈമാറുന്നതിനു മുമ്പായി എജൻസിയുമായി കരാറിലേർപ്പെടാത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല(നം:15/20-21 /13.4.2022)

ഓഡിറ്റ് നിർദ്ദേശം

മേൽ സൂചിപ്പിച്ച പ്രവർത്തികളുടെ പൂർത്തീകരണം വിവരം,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ മോണിറ്ററിംഗ് കർശനമാക്കേണ്ടതാണ്

ചെലവിന്റെ വിശദവിവരങ്ങൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

## 1-18-1 ഡെപ്പോസിറ്റ് പ്രവർത്തികൾ- (തനത് ഫണ്ട് )വിനിയോഗ വിവരം ലഭ്യമാക്കണം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | നിർവഹണ ഏജൻസി/ സെക്ഷൻ | റിമാർക്സ് |
|---|---|---|---|---|---|
| കെ എസ് ഇ ബി | 62/21- കുളപ്പിടയിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ | ചെക്ക് 1795630/LGTSB /15.12.20 | 189472(തനത് ഫണ്ട്) | KSEB പേങ്ങാട്ടിരി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| | 95/21-വാർഡ് 13 ലെ ഇലക്ട്രിക്ക് | ചെക്ക് 2604896/23.9.2020 | 39591(തനത് ഫണ്ട്) | KSEB പേങ്ങാട്ടിരി | എഗ്രിമെന്റ് , വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | | | ലഭ്യമായില്ല |
| | 240/21-മാവുണ്ടിരിക്കടവ് സ്ട്രീറ്റ് മെയിൻ വലിക്കൽ | ചെക്ക് 2604895/14.9.20 | 499225(തനത് ഫണ്ട്) | KSEB പേങ്ങാട്ടിരി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |

1-18-2 ഡെപ്പോസിറ്റ് പ്രവർത്തി-(ജനറൽ)-വിനിയോഗ വിവരം ലഭ്യമാക്കണം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | നിർവഹണ ഏജൻസി/ സെക്ഷൻ | റിമാർക്സ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 191/21-പേങ്ങാട്ടിരി-പോത്തേങ്ങൽ-പട്ടിണിപ്പാറ കുന്നശ്ശേരി പൈപ്പ് ലൈൻ നീട്ടൽ | 20/30-10-2020 | 130000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | KWA,PH ഡിവിഷൻ, ഷൊർണ്ണൂർ | എഗ്രിമെന്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| | 472/21-ജൽജീവൻമിഷൻ പദ്ധതി-പഞ്ചായത്ത് വിഹിതം നൽകൽ | 36/30.3.21 | 525000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | KWA | എഗ്രിമെന്റ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |

1-18-3 ഡപ്പോസിറ്റ് പ്രവർത്തി(SCP)-വിനിയോഗ വിവരം ലഭ്യമാക്കണം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | നിർവഹണ ഏജൻസി/ സെക്ഷൻ | റിമാർക്സ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 301/21-പട്ടിണിപ്പാറ കുന്നശ്ശേരി കുടിവെള്ളം | 1/16.4.2020. | 75000(വികസന ഫണ്ട് -SCP) | KWA | എഗ്രിമെന്റ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |

1-19 വയോജനങ്ങൾക്ക് കട്ടിൽ- വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പെടെ രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | അടങ്കൽ, ഫണ്ടിനം | 308850 ( 306405-വികസന ഫണ്ട് ജനറൽ+ 2445- തനത് ഫണ്ട്) |
| പ്രോജക്ട് നം. | 260/21 (Spill Over) | ചെലവ് | 301714 – വികസന ഫണ്ട് |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ | ബിൽ നം. | 1/17-04-2020 |

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | അടങ്കൽ, ഫണ്ടിനം | 300150 ( 300000-വികസന ഫണ്ട് ജനറൽ + 150- തനത് ഫണ്ട്) |

| | | | |
|---|---|---|---|
| പ്രോജക്ട് നം. | 24/21 | ചെലവ് | 299300 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ | ബിൽ നം. | 6/30-11-2020 |

സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 71 കട്ടിലുകളും പുതിയ പ്രോജക്ട് നം. 24/21 പ്രകാരം 73 കട്ടിലുകളും അടക്കം 144 വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കട്ടിലുകൾ Kerala SIDCO (Kerala Small Industries Development Corporation Ltd.) യിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. പ്രോജക്ടുകൾ പ്രകാരം വാങ്ങിയിട്ടുള്ളത് 198 Cm നീളം, വീതി 90cm, മുൻകാൽ നീളം 60cm, പിൻകാൽ നീളം 50cm, 8mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തിന്റെ കട്ടിൽ ആണ്.

| ഇൻവോയ്സ് നം. | നിരക്ക് (18% GST ഉൾപ്പെടെ) | എണ്ണം | തുക (18%GST+ 1% Flood Cess ഉൾപ്പെടെ) |
|---|---|---|---|
| MJRI/19-20/295 തി. 20-12-19 | 4214 | 71 | 301714 രൂപ |
| MJRI/20-21/138 തി. 23-10-20 | 4065 | 73 | 299300 രൂപ |

സ്റ്റോഴ്സ് പർച്ചേസ് വകുപ്പിന്റെ ഉത്തരവ് ജി.ഒ (ആർ.ടി ) നം. 49/2019/SPD തി.14-11-2019 പ്രകാരം SIDCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട ഫർണീച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4 ൽ SIDCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾ സ്റ്റോഴ്സ് പർച്ചേസ് മാന്വൽ പ്രകാരം ക്വട്ടേഷൻ/ ടെണ്ടർ നടപടികളിലൂടെ വാങ്ങേണ്ടതാണെന്നും ആയതിൽ SIDCO യ്ക്കും പങ്കെടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ (ആർ.ടി) 33/2017/SPD തി.17-06-2017 പ്രകാരമുള്ള സ്റ്റോഴ്സ് പർച്ചേസ് ഡിപ്പാർട്ടിന്റെ റേറ്റ് കോൺട്രാക്ട് ഉത്തരവിൽ സിഡ്കോ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണീച്ചറുകളുടെ പ്രൈസ് ലിസ്റ്റിൽ പ്രോജക്ട് പ്രകാരം ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിലുള്ള കട്ടിൽ ഉൾപ്പെട്ടിട്ടില്ല.

പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്പെസിഫിക്കേഷനിലുള്ള കട്ടിൽ ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കോവിഡ് പശ്ചാത്തലത്തിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് സിഡ്കോയിൽ നിന്നും നേരിട്ട് കട്ടിലുകൾ വാങ്ങിയതെന്നും നിലവിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ബിഡ്ഡിംഗ് മുഖേനയാണ് വാങ്ങലുകൾ നടത്തുന്നതെന്നും അറിയിച്ചു.

അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും നേരിട്ട് വാങ്ങലുകൾ നടത്തുമ്പോൾ വാങ്ങാനുദ്ദേശിക്കുന്ന ഇനത്തിന്റെ സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങുന്നതിന് സ്റ്റോഴ്സ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:18/20-21/13.4.22 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടി അനുപൂരക

പോഷകാഹാര പരിപാടി എന്ന പേരിൽ ഒരു പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20/21 | അങ്കണവാടി അനുപൂരകപോഷകാഹാര പരിപാടി | 2900000( 2400000 – വികസന ഫണ്ട്, 500000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 2900000 |

പ്രോജക്റ്റ് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ അമൃതം ഫുഡ്സ്, വല്ലപ്പുഴ, പാലക്കാട് എന്ന കുടുംബശ്രീ യൂണിറ്റിന് വിവിധ ബില്ലുകളിലായി താഴെ പറയും പ്രകാരം തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

അക്കൗണ്ട് നമ്പർ- 15320200000961 -GST IN- 32AAXFA4891J1ZW

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക ( ജി.എസ്.ടി ഒഴികെയുള്ള തുക) | ബിൽ നം. / തീയതി |
|---|---|---|---|
| 1. | 178/ 06-04-20 | 97020 | 2/ 22-07-20 |
| | 182/ 05-05-20 | 92400 | |
| | 185/ 08-06-20 | 107800 | |
| 2 | 210/ 14-07-20 | 102060 | 3/ 27-08-20 |
| 3 | 238/12-10-20 | 138670 | 4/30-10-20 |
| 4 | 232/12-09-20 | 108150 | 5/30-11-20 |
| 5 | 260/12-12-20 | 143815 | 8/12-01-21 |
| | 251/10-11-20 | 118020 | |
| 6 | 280/15-02-21 | 153615 | കേന്ദ്രാവിഷ്കൃതം ചെക്ക് നം. 5730020/20-03-21 |
| | 276/15-01-21 | 123270 | |
| ആകെ | | 1184820 രൂപ | |

5% ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ്

നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ന്യൂട്രിമിക്സ് വാങ്ങുന്ന യൂണിറ്റുമായി കരാറിൽ ഏർപ്പെടാത്തതിനാലാണ് ജി.എസ്.ടി ടി.ഡി.എസ് ചെയ്യാതിരുന്നതെന്നും നിലവിൽ യൂണിറ്റിന്റെ ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി കുറവു ചെയ്തിട്ടാണ് തുക അനുവദിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിനാൽ അനുവദിച്ച മുഴുവൻ തുകയ്ക്കും ആനുപാതികമായ ജി.എസ്.ടി സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന്

തെളിയിക്കുന്ന രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്.

2. ഭാവിയിൽ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന വാങ്ങലുകളിൽ ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി കുറവു ചെയ്ത് GST -TDS നടത്തേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം:12/20-21/12.4.22 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | നം-17/21 - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം |
| നിർവഹണം | അസി.സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട് - എസ്.സിപി- 400000/- |
| ചെലവ് | വികസന ഫണ്ട് - എസ്.സിപി- 149940/- |
| ബിൽ നം/തിയതി | 29/22.3.21 - 124950/- -<br>31/27.3.21 - 24990/- |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണ പദ്ധതിയിലുൾപ്പെടുത്തി മേശയും കസേരയും നൽകുന്ന പദ്ധതിയിൽ 59 പേരുടെ ലിസ്റ്റാണ് അംഗീകരിച്ചതായി കാണുന്നത്. ഇതിൽ 30 പേർ മാത്രമാണ് മേശയും കസേരയും കൈപ്പറ്റിയതെന്നും ബാക്കി 29 പേർ കൈപ്പറ്റാത്തതിനാൽ SIDCO ക്ക് തിരിച്ചു നൽകിയതായും ഫയൽ പരിശോധിച്ചതിൽ മാനസ്സിലാക്കാൻ സാധിച്ചു. 13-ാം പഞ്ചവത്സരപദ്ധതി പദ്ധതികൾ തയ്യാറാക്കൽ സംബന്ധിച്ച മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(കൈ)നം.22/2018/തസ്വഭവ. തി. 14.2.2018 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമാണ് മേശയും കസേരയും നൽകേണ്ടതെന്നും സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നും നിർധനരായ വിദ്യാർത്ഥികൾക്ക്

മുൻഗണന നൽകണമെന്നും പറയുന്നുണ്ട്. മേശയും കസേരയും തിരിച്ച നൽകിയതു വഴി അർഹരായ വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കാതെ പോയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.14/12.4.2022) 29 വിദ്യാർത്ഥികൾ മതിയായ രേഖകൾ മാർച്ച് 25 നകം ഹാജരാക്കാത്തതിനാലാണ് പഠനോപകരണങ്ങൾ നൽകാതിരുന്നതെന്നും 2021-22 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സാധ്യമാവണമെങ്കിൽ കുറ്റമറ്റ രീതിയിലുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-22 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 31 അങ്കണവാടികളാണുള്ളത്. ഇവയുടെ നിലവിലെ ഭൗതികസാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 31 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 24 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 7 |
| 4 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 1 |
| 5 | ചുറ്റുമതിൽ ഇല്ലാത്തവ | 8 |
| 6 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 2 |
| 7 | ടോയ് ലെറ്റ് ഇല്ലാത്തവ | - |
| 8 | ബേബി ഫ്രന്റ് ലി ടോയ് ലെറ്റ് ഇല്ലാത്തവ | 31 |

31 അങ്കണവാടികളിൽ ഒരെണ്ണത്തിലും ബേബി ഫ്രണ്ട്ലി ടോയ്ലറ്റില്ല. രണ്ട് അങ്കണവാടികളിൽ കുടിവെള്ള കണക്ഷനില്ല. സർക്കുലർ നം. 39033/ഡി.സി.2/2 ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും,അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, ചുറ്റുമതിൽ, ടോയ് ലറ്റ് എന്നിവയില്ലാത്ത അങ്കണവാടികൾക്ക് ഇവ നിർമ്മിക്കുന്നതിനും കുടിവെള്ള കണക്ഷൻ ഇല്ലാത്തവയ്ക്ക് ആയത് ലഭ്യമാക്കുന്നതിനും പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഐ.സി.ഡി.എസ് കേന്ദ്രവിഹിതം ഇനത്തിൽ നാളിതു വരെ ചെലവഴിക്കാത്ത തുക പ്രയോജനപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണ നിർവ്വഹണ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 മരാമത്ത്-പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ

അസി.എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്.എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.ഇതു സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ അപൂർണ്ണമാണ് (കോൺട്രാക്ടറുടെ അപേക്ഷ,നിർവ്വഹണോദ്യോഗസ്ഥന്റ ശുപാർശ,പഞ്ചായത്ത് തീരുമാനം,ഫൈൻ ഈടാക്കിയ വിവരം ,എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരണ തീയ്യതി ,എന്നിവ സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല )ഫൈൻ തുക കോൺട്രാക്ടറിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.വിശദ വിവരം ചുവടെ ചേർക്കുന്നു

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:317/21-പകൽ വീട് അടങ്കൽ(500000 -ജനറൽ ,100000 -തനത് ) ചെലവ്:564698/- എം ബുക്ക് :194/19-20 ബിൽനം:20/20-21/11.5.20,(PAC-599257 ) എഗ്രിമെൻറ്:113/AE/NLY/18-19/8.3.2019 പൂർത്തീകരിക്കേണ്ടതീയ്യതി:30.9.2019 (T.S ) പൂർത്തീകരിച്ച തീയ്യതി :11.3.2020 (അവസാന ചെക്ക് മെഷർ) 30.9.2019ന്ശേഷംസപ്ലിമെന്റൽഎഗ്രിമെന്റ് വച്ചിട്ടില്ല കോൺട്രാക്ടർ -ശ്രീ.മുഹമ്മദ് അലി.പി | 17977 | 0 | 17977 |

| | | | |
|---|---|---|---|
| 2)പ്രവർത്തി:325/21-നാഷണൽ LPസ്കൂൾ റോഡ് ടാറിങ്<br>അടങ്കൽ(350000MGR)<br>ചെലവ്:205508/-<br>ബിൽ നം:17/20-21 /11.5.20<br>എം ബുക്ക് :193/19-20<br>എഗ്രിമെൻറ്:77/AE/NLY/18-19/18.1.2019<br>(PAC-342715)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 18.7.2019<br>(TSപ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :12.3.2020 (അവസാന ചെക്ക് മെഷർ)<br>18.7.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ -ശ്രീ.രാജേഷ് | 10281 | 0 | 10281 |
| 3)പ്രവർത്തി:320/21-കുന്നത്ത് കാവിൽപ്പടി റോഡ് സംരക്ഷണം<br>അടങ്കൽ:(300000-MGR)<br>ചെലവ്:250923/-<br>ബിൽ നം:19/20-21 /11.5.20<br>എം ബുക്ക് :168/19-20<br>എഗ്രിമെൻറ് :111/AE/NLY/18-19/8.3.2019<br>(PAC-288618)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 8.9.2019<br>(എസ്റ്റിമേറ്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :28.2.2020<br>(അവസാന ചെക്ക് മെഷർ)<br>8.9.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ -ശ്രീ.അബ്ദുൾ ലത്തീഫ് | 8658 | 0 | 8658 |
| 4)പ്രവർത്തി:324/21-അംഗനവാടി റിപ്പയർ<br>അടങ്കൽ(200000 -MGNR)<br>ചെലവ്:179760/-<br>ബിൽ നം:21/20-21 /11.5.20<br>എം ബുക്ക് :197/19-20<br>എഗ്രിമെൻറ് :114/AE/NLY/18-19/8.3.2019<br>(PAC-194532)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 8.9.2019 ( T.S റിപ്പോർട്ട് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :28.2.2020<br>(അവസാന ചെക്ക് മെഷർ)<br>8.9.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല | 5835 | 0 | 5835 |

| | | | |
|---|---|---|---|
| കോൺട്രാക്ടർ -ശ്രീ.അബ്ദുൾലത്തീഫ് | | | |
| 5)പ്രവർത്തി:254/21-ജനമൈത്രിറോഡ് സംരക്ഷണം<br>അടങ്കൽ(500000 -MGR)<br>ചെലവ്:390968/-<br>ബിൽ നം:10/20-21 /11.5.20<br>എം ബുക്ക് :94/19-20<br>എഗ്രിമെൻറ് :110/AE/NLY/18-19/8.3.2019<br>(PAC-408750)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 8.9.2019 (T.S റിപ്പോർട്ട് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :27.12.2019<br>(അവസാന ചെക്ക് മെഷർ)<br>8.9.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ -ശ്രീ.മുഹമ്മദാലി | 12262 | 0 | 12262 |
| 6)പ്രവർത്തി:257/21-പനംകുറ്റിക്കുന്ന് റോഡ് സംരക്ഷണം<br>അടങ്കൽ(150000 -MGR)<br>ചെലവ്:140907/-<br>ബിൽ നം:11/20-21 /11.5.20<br>എം ബുക്ക് :81/19-20<br>എഗ്രിമെൻറ് :67/AE/NLY/18-19/16.1.2019<br>(PAC-142003)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 16.7.2019 (T.S റിപ്പോർട്ട് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :7.10.2019 (അവസാന ചെക്ക് മെഷർ)<br>16.7.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ -ശ്രീ.ബഷീർ | 4260 | 0 | 4260 |
| 7)പ്രവർത്തി:318/21-മുപ്പത്ത് പാറ റോഡ് സംരക്ഷണം<br>അടങ്കൽ(150000 -MGR)ചെലവ്:148039/-<br>ബിൽ നം:22/20-21 /11.5.20<br>എം ബുക്ക് :191/19-20<br>എഗ്രിമെൻറ് :115/AE/NLY/18-19/8.3.19.2019<br>(PAC-142003)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 8.9.2019 (T.S റിപ്പോർട്ട് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :27.2.2020(അവസാന ചെക്ക് മെഷർ)<br>8.9.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് | 4260 | 0 | 4260 |

| | | | |
|---|---|---|---|
| വച്ചിട്ടില്ല<br>കോൺട്രാക്ടർ -ശ്രീ.ബഷീർ | | | |
| 8)പ്രവർത്തി:322/21-പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ്<br>അടങ്കൽ(1097000-)ചെലവ്:393850/-<br>ബിൽ നം:27/20-21 /11.5.20 (പാർട്ട് ബിൽ )<br>എം ബുക്ക് :181/19-20<br>എഗ്രിമെൻറ് :11/AE/NLY/18-19/8.3.2019<br>(PAC-854712)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 8.9.2019 (T.S റിപ്പോർട്ട് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :18.1.2020(അവസാന ചെക്ക് മെഷർ)<br>8.9.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.<br>കോൺട്രാക്ടർ -ശ്രീ.മുഹമ്മദ് ഷഫീക്ക് | 25641 | 0 | 25641 |
| 9)പ്രവർത്തി:393/21-അംഗനവാടികളുടെ പുനരുദ്ധാരണം<br>അടങ്കൽ(700000)<br>ചെലവ്:392478/- (പാർട്ട് )<br>ബിൽ നം:6/20-21 /29.3.31 (പാർട്ട് ബിൽ )<br>എം ബുക്ക് :76/20-21<br>എഗ്രിമെൻറ് :2/AE/NLY/20-21/5.6.20<br>(PAC-624036)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 5.12.20 (T.S റിപ്പോർട്ട് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :9.2.2022(അവസാന ചെക്ക് മെഷർ)<br>5.12.20 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ -ശ്രീ.മുഹമ്മദാലി.പി | 18721 | 0 | 18721 |
| ആകെ | 107895 | 0 | 107895 |

1-24 അസി.എൻജിനിയർ -2 ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുന്നത് ക്രമപ്രകാരമല്ല

അസി.എൻജിനിയർ കൈകാര്യം ചെയ്യുന്ന 2 ബാങ്ക് അക്കൗണ്ടുകളിൽ (നം:62720100005910 ബാങ്ക് ഓഫാ ബറോഡ ,നെല്ലായ ശാഖ ) ൽ 27.4.2021 ലെ നീക്കിയിരിപ്പ് 1825330 -രൂപയാണ് ഈ തു കയുടെ വിനിയോഗ വിവരം,അക്കൗണ്ടിന്റ ഉപയോഗം സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.
,കൂടാതെ അസി.എൻജിനിയർ കൈകാര്യം ചെയ്യുന്ന(ടെൻണ്ടർ ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും ക്രഡിറ്റ് ചെയ്യുന്നത് ) മറ്റൊരു ബാങ്ക് അക്കൗണ്ട് (നം :37114028492 ,SBI )ൽ 12.3.2021 ലെ നീക്കിയിരിപ്പ് 352431/- രൂപ ഉണ്ട് .ടെൻണ്ടർ ഫീ ഇനത്തിൽ ലഭ്യമായത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട് (രേഖ ഹാജരാക്കി) .എന്നാൽ 19-20,20-21 വർഷത്തിൽ യഥാർത്ഥത്തിൽകിട്ടാൻ ഉള്ള ടെൻണ്ടർ ഫീ തുക സംബന്ധിച്ച് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണോദ്യോഗസ്ഥർ ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് (വാർഷിക കണക്കിൽ ഈ അക്കൗണ്ട് വിവരം ഉൾപ്പെടുന്നില്ല)ക്രമപ്രകാരമല്ല.ഉടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 മരാമത്ത്-കൺവീനറിൽ നിന്ന് ആദായ നികുതി കുറവായി ഈടാക്കി

ആദായ നികുതി നിയമ പ്രകാരം (194-(സി) കൺവീനർ പ്രവർത്തികൾക്ക് പ്രവർത്തി മൂല്യത്തിന്റെ 2% ഈടാക്കേണ്ടതുണ്ട്. താഴെപ്പറയുന്ന പ്രവർത്തികളിൽ 1% മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

(1)

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം/പേര് | 323/21 -മുണ്ടകാട്ടിൽ റോഡ് പൈപ്പ് സ്ഥാപിക്കൽ | അടങ്കൽ/ഫണ്ടിനം | 50000 (CFC) |
| ചെലവ് | 45200 | ബിൽനം/തീ: | 49/20-21/27.5.20 |
| നിർവ്വഹണം | അസി.എൻജിനിയർ | കൺവീനർ | ബാലസുബ്രമണ്യൻ |
| എംബുക്ക് | 203/20 | എഗ്രിമെന്റ് നം: | 88/AE/NLY /LSGD/28.2.19 |

ഈടാക്കിയത് (45200 X1% ) -452
ഈടാക്കേണ്ടത് (45200 X2% ) -904
കുറവ് -452

(2)

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം/പേര് | 323/21 -മോളൂർ അങ്ങാടി റോഡ് കോൺക്രീറ്റ് | അടങ്കൽ/ഫണ്ടിനം | 50000 (CFC) |
| ചെലവ് | 43973 | ബിൽനം/തീ: | 46/20-21 /27.5.20 |
| നിർവ്വഹണം | അസി.എൻജിനിയർ | കൺവീനർ | ഇബ്രാഹിം |
| എംബുക്ക് | 190/20 | എഗ്രിമെന്റ് നം: | 90/AE/NLY /LSGD/28.2.19 |

ഈടാക്കിയത് (43973 X1% ) -440
ഈടാക്കേണ്ടത് (43973 X2% ) -880
കുറവ് -440/-

കുറവായി ഈടാക്കിയത് 892/-കൺവീനർമാരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

1-26 പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 322/21-പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് | അടങ്കൽ/ഫണ്ടിനം | 1097000 (CFC-385600 ,കേന്ദ്രാവിഷ്കൃതം-255000, തനത് -456400) |
| ചെലവ് | 393850 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം | 27/20-21 /20.5.20( PART | എംബുക്ക് | 181/19-20 |

| | | | |
|---|---|---|---|
| എഗ്രിമെൻറ് | 11/18-19 /SCE/8.3.2019 | കോൺട്രാക്ടർ | മുഹമ്മദ് ഷഫീക്ക് .വി (PAC 854712 ) |

മേൽ പ്രവർത്തിയിൽ പഞ്ചായത്തിന് ഹരിത കർമ്മസേന മുഖേന മാലിന്യ സംസ്കരണം നടത്തുന്നതിനായി പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് .എന്നാൽ പ്രവർത്തി പൂർത്തീകരിക്കാതെ ഫൈനൽ ബിൽ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത് ആയതിനുള്ള കാരണം നിർവ്വഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല.കരാർ പ്രകാരമുള്ള മുഴുവൻ പ്രവർത്തിയും പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ (വൈദ്യുതി,വെള്ളം ,മെഷിനറി ഉൾപ്പെടുത്തി കെട്ടിടം പ്രവർത്തനസജ്ജമാക്കിയിട്ടില്ല) കോൺട്രാക്ടറുടെ ഇ.എം.ഡി ,സെക്യൂരിറ്റി ഡപ്പോസിറ്റ് എന്നിവ പഞ്ചായത്തിലേക്ക് മുതൽ കൂട്ടേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം :9/20-21/16.4.22 ന്ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 MG(NR) ഫണ്ട് -പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടാത്ത കെട്ടിടത്തിന് വിനിയോഗിച്ചു

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം/പേര് | 395/21-വായനശാല അറ്റകുറ്റപ്പണി (പെൻമുഖം വായനശാല) | അടങ്കൽ/ഫണ്ടിനം | 350000 (MGNR -150000) OWN -200000 |
| ചെലവ് | 247697 | ബിൽനം/തീ: | 7/20-21/29.3.21 |
| നിർവ്വഹണം | അസി.എൻജിനിയർ | കോൺട്രാക്ടർ | മുഹമ്മദാലി.പി (എസ്റ്റമേറ്റ് ) |
| എംബുക്ക് | 75/20-21 | എഗ്രിമെന്റ് നം: | 4/AE/20-21 /NLY/LSGD /5.6.20 |

(പൊൻമുഖം വായനശാലയുടെ അറ്റകുറ്റപ്പണി )

മേൽ വായനശാല പഞ്ചായത്തിന് കൈമാറിക്കിട്ടിയ ആസ്തിയാണെന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് സ്വകര്യ കെട്ടിടമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മെയ്ൻറനൻസ് ഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ഉണ്ടെന്നിരിക്കെ സ്വകാര്യ കെട്ടിടത്തിന് ചെലവഴിച്ച തുക 247697/- രൂപ സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി ന: 8/20-21/13.4.22).

## 1-28 അംഗനവാടികളുടെ അറ്റകുറ്റപ്പണി -എഗ്രിമെന്റ് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം/പേര് | 349/20- അംഗനവാടികളുടെ അറ്റകുറ്റപ്പണി | അടങ്കൽ/ഫണ്ടിനം | 1800000 (MGNR) |
| ചെലവ് | 817720 | ബിൽനം/തീ: | 58/20-21 /20.8.20 13/20-21 /30.3.31 |
| നിർവ്വഹണം | അസി.എൻജിനിയർ | കോൺട്രാക്ടർ | മുഹമ്മദ് അർഷാദ് |

| | | | |
|---|---|---|---|
| | | | (PAC- 1716652 ) |
| എംബുക്ക് | 67/19-20 | എഗ്രിമെന്റ് നം: | 107/AE /NLY/LSGD /7.3.19 |

അപാകതകൾ

1.എഗ്രിമെൻറ് പ്രകാരം നടത്തേണ്ടിയിരുന്ന 1716652/-രൂപയുടെ പ്രവർത്തി നാളിതുവരെ നടത്തിയിട്ടില്ല. ഫൈനൽ ബിൽ പ്രകാരം (First&final) 817720/-രൂപയുടെ പ്രവർത്തി മാത്രമാണ് നടത്തിയിട്ടുള്ളത്. എഗ്രിമെൻറ് വ്യവസ്ഥ (ക്രമ നം:9)പ്രകാരം പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പദ്ധതി പൂർത്തീകരിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. കോൺട്രാക്ടറുടെ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:19/20-21/13.4.22 )

1-29 മരാമത്ത് പ്രവർത്തികൾ -അവലോകനം

| | |
|---|---|
| ആകെ അംഗീകരിച്ച പ്രൊജക്ടുകൾ | 228 |
| നിർവ്വഹണം നടത്തിയത് | 171 |
| നിർവ്വഹണം നടത്താത്തത് | 57 |
| ആകെ പ്രൊജക്ട് അടങ്കൽ | 40773996 |
| ചെലവ് | 24782900 |
| ചെലവ് ശതമാനം | 60% |

| ഫണ്ട് ഇനം | അടങ്കൽ | ചെലവ് | ചെലവ്% |
|---|---|---|---|
| പ്ലാൻ (ജനറൽ) | 1052000 | 542000 | 52% |
| പ്ലാൻ (SCP) | 1350000 | 959384 | 71% |
| പ്ലാൻ (TSP) | 0 | 0 | 0 |
| CFC | 9218600 | 7562759 | 82% |
| റോഡ് (MG) | 14472115 | 8439370 | 58% |
| റോഡീതരം (MG) | 3355000 | 1645543 | 49% |

1.കാര്യക്ഷമമല്ലാത്ത പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

3.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

4.റോഡ് വർക്കിൽ ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.

5.റോഡ് വർക്കിൽ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായേക്കാവുന്ന കോൺക്രീറ്റ്, ഇന്റർ ലോക്കിങ് എന്നിവയ്ക്ക് പ്രധാന്യം നൽകി ടാറിങ് ഒഴിവാക്കുന്നു.

6. സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ലക്ഷ്യം കൈവരിച്ചിട്ടില്ല. (പ്ലാസ്റ്റിങ് ഷ്രഡിങ് യുണിറ്റ്, പകൽ വീട്)

7. ടെൻണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നില്ല

9. ടെണ്ടർ ഫോറം വില ഈടാക്കിയത് സംബന്ധിച്ച് വിവരങ്ങൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

10.എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരണ തീയ്യതി രേഖപ്പെടുത്തുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം:10/20-21/16.4.22)

1-30 പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ നടത്തിപ്പ്, ഫലപ്രാപ്തി എന്നിവ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ :

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 469/21-സോളാർ സ്ഥാപിക്കൽ | അടങ്കൽ/ഫണ്ടിനം | 1350000 (തനത് ) |
| ചെലവ് | 1350000 | നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം/ചെക്ക് നം | 1. 628328/BOB/7.12.2020 - 12542<br>2.1795631/LGTSB /15.12.2020- Rs.1302967<br>3.1795632/LGTSB /15.12.2020-Rs.25084 | എംബുക്ക് | ഇല്ല |
| എഗ്രിമെൻറ് | 18/SEC/NGP/18-19 /22.2.2019 | കോൺട്രാക്ടർ | SILK തൃശ്ശൂർ |

പദ്ധതിയുടെ രേഖകളനുസരിച്ച് 18-19 ൽ എഗ്രിമെന്റ് വച്ച് 19-20, 20-21 വർഷങ്ങളിൽ സ്പിൽ ഓവർ ആയി

ഗ്രാമ പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനും, ഇതോടനുബന്ധിച്ച് സോളാർ പാനലിലേക്ക് ത്രീ ഫേസ് ലൈൻ വലിക്കൽ എന്നീ പദ്ധതി നടപ്പാക്കിയിട്ടുണ്ട്..

സോളാർ പാനൽ പ്രവർത്തിപ്പിക്കുന്നതിനായി ത്രീ ഫേസ് ലൈൻ വലിക്കുകയും (പ്രത്യേകം പ്രൊജക്ട് )പിന്നീട് സോളാർ പാനൽ പദ്ധതിയുടെ ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. Steel Industries Kerala (SILK) ആണ് സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതിയുടെ നിർവഹണ ഏജൻസി. നെല്ലായ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.3.2020 ലെ 2/1 നമ്പർ തീരുമാനം-"നെല്ലായ പഞ്ചായത്തോഫീസിലെ സോളാർ പാനൽ സ്ഥാപിക്കൽ പൂർത്തീകരിക്കുകയും 3ഫേസ് ലൈൻ വലിക്കുകയും ചെയ്തിട്ടുണ്ട്." എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.. KSEB അസി. എഞ്ചിനിയറുടെ 6.11.2020ലെ DB/2020-21/AE/PGT/21 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിന്റെ കൺസ്യൂമർ നം 519, 523 KSEB ഗ്രിഡുമായി 18.9.2020 ന് കണക്റ്റ് ചെയ്തതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 5.4 KW സോളാർ ഓൺഗ്രിഡ് സിസ്റ്റം, 9.6 KW സോളാർ ഓൺഗ്രിഡ് സിസ്റ്റം എന്നിങ്ങനെ രണ്ട് കണക്ഷനുകളാണ് സ്ഥാപിച്ചിട്ടുണ്ട്.

സോളാർ പാനൽ സ്ഥാപിച്ചതിന്റെ ലക്ഷ്യം കൈവരിച്ചോ എന്ന് ഓഡിറ്റിൽ വിലയിരുത്തുകയുണ്ടായി. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നിർവഹണ ഏജൻസിയെ തെരഞ്ഞെടുത്തത്, പദ്ധതിയുടെ ഭൗതികനേട്ടം എന്നീ കാര്യങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന ന്യൂനതകൾ ഉണ്ടായിട്ടുണ്ട്.

1. 4-07-2019ലെ സ.ഉ(പി)നം. 77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 34 പ്രകാരം സ്റ്റീൽ സ്ട്രക്ചേഴ്സ് , ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ, സ്റ്റീലിന്റെ ഡിസൈൻ ഫാബ്രിക്കേഷൻ എന്നിവ ഉൾപ്പെടുന്ന സിവിൽ വർക്കുകൾ എന്നിവ സംബന്ധിച്ച് പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILKഎന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 5 ൽ വ്യക്തമാക്കിയിട്ടുണ്ട്. SILK എന്ന സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്.

SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതിയ്ക്കായി പ്രോജക്റ്റ് മാനേജ്മെന്റ് കൺസൽറ്റന്റ് (PMC) ആയ SILK എന്ന ഏജൻസിയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, സാഹചര്യം വ്യക്തമല്ല.

2.നെല്ലായ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള സോളാർപാനലിലേക്ക് 3ഫേസ് ലൈൻ വലിക്കൽ എന്ന് പദ്ധതിയ്ക്കായി തുക കെ എസ് ഇ ബിയിലേക്ക് ഡെപ്പോസിറ്റ് ചെയ്യുവാനാണ് പ്രോജക്റ്റ് ലക്ഷ്യമായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായി Techbery Agencies എന്ന സ്ഥാപനത്തിന് തുക അനുവദിച്ചതിന്റെ കാരണം അറിയിക്കാനായി എൻക്വയറി നൽകിയതിന് മറുപടി ലഭിച്ചില്ല. ചെലവിന്റെ വിശദാംശങ്ങൾ:

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 334/20-സോളാർ സ്ഥാപിക്കൽ 3 ഫേസ് കണക്ഷൻ | അടങ്കൽ/ഫണ്ടിനം | 81500 (തനത്) |
| ചെലവ് | 80500 | നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം/ചെക്ക് നം | 9.3.2020 | എം.ബുക്ക് | ഇല്ല |
| എഗ്രിമെൻറ് | ഇല്ല (പ്രൊജക്ടിൽ KSEB ഡെപ്പോസിറ്റ് ) | കോൺട്രാക്ടർ | TEKBERY ENTERPRISES PALAKKAD |

3)സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിച്ചു തുടങ്ങിയിട്ടുണ്ടോ, ഉല്പാദിപ്പിച്ച വൈദ്യുതിയ്ക്കായി ഗ്രാമപഞ്ചായത്തിന് തുക ലഭിക്കുകയോ, ബില്ലിൽ തുക കുറവ് ചെയ്ത് നല്കുകയോ ചെയ്തിട്ടുണ്ടോ എന്നത് വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമായില്ല. സോളാർ പാനൽ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് തുടങ്ങിയതു മുതൽ ആകെ എത്ര വൈദ്യുതി ഉൽപാദിച്ചു, ഇത് പൂർണമായും ഗ്രിഡിലേക്ക് നല്കിയിട്ടുണ്ടോ, ഈയിനത്തിൽ പഞ്ചായത്തിന് സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടോ എന്നീ കാര്യങ്ങളുടെ വിശദവിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനും, സോളാർ പാനലിൽ നിന്നുള്ള വൈദ്യുതി ഉൽപാദനത്തിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാനും ആവശ്യപ്പെട്ട് നല്കിയ എൻക്വറിയ്ക്ക് മറുപടി ലഭ്യമായില്ല. (എൻക്വയറി നം- 15/12-04-2022)

4. പദ്ധതിയുടെ മോണിട്ടറിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

5. കേരള സോളാർ എനർജി പോളിസി 2013(G.O(P) No.49/2013/PD, 25.11.2013) ൽ സൗരോർജ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് നടപടികൾ സ്വീകരിച്ചാണോ ഗ്രാമപഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പാക്കിയത് എന്ന് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലുകൾ.

A) കേരള സോളാർ എനർജി പോളിസി 2013, ഖ-13-b യിൽ സൗരോർജ പദ്ധതികളുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് ANERT നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് സോളാർ എനർജിയുമായി ബന്ധപ്പെട്ട് പദ്ധതി നടത്തിപ്പിനുള്ള ഏജൻസികളുടെ ലിസ്റ്റ് ("Empanel The System Providers In Solar Technology After Due Process") തയ്യാറാക്കുന്നതിനും, കെ എസ് ഇ ബി-യുമായി ചേർന്ന് ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുള്ള സോളാർ ഇൻസ്റ്റലേഷനുകളുടെ മേൽനോട്ടത്തിനും ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ANERT-ന്റെ സഹായം/വിലയിരുത്തലുകൾ ഉണ്ടായിട്ടില്ല എന്നാണ് രേഖകൾ സൂചിപ്പിക്കുന്നത്.

B.ഓൺ ഗ്രിഡ് ആയി പ്രവർത്തിക്കുന്ന സോളാർ പാനലുകൾ തുടർച്ചയായി പരിപാലിക്കേണ്ടതാണ് എന്നും സ്ഥാപിച്ച ഏജൻസിയ്ക്ക് ഇക്കാര്യത്തിൽ തുടർന്നും ഉത്തരവാദിത്വമുണ്ട് എന്നും നിർദേശമുണ്ട്.ഇക്കാര്യങ്ങളിൽ എന്തെങ്കിലും നടപടി പഞ്ചായത്തിൽ നിന്നോ SILK-ൽ നിന്നോ ഉണ്ടായിട്ടുണ്ടോ എന്നതിന്റെ രേഖയും പദ്ധതി ഫയലിൽ ഇല്ല.

<u>ഓഡിറ്റ് നിർദേശം.</u>

1.പദ്ധതിയിലൂടെ സ്ഥാപിച്ച സോളാർ പാനലുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്തി ഇതിൽ നിന്നുള്ള ഊർജലഭ്യത പഞ്ചായത്തിന്റെ വൈദ്യുതി ഉപയോഗത്തിന്റെ ചാർജിൽ കുറവ് ചെയ്ത് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതാണ്.

2. സോളാർ പാനലിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി നോഡൽ ഏജൻസിയായ ANERT ന്റെ സാങ്കേതിക സഹായം തേടാവുന്നതാണ്. തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-31 തെരുവ് വിളക്ക് വാങ്ങൽ പദ്ധതികൾ- നടപടിക്രമങ്ങളിൽ അപാകം

സാമ്പത്തിക വർഷത്തിൽ പുതിയ തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിച്ചത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ എന്ന് പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങുന്നതിനായി തൻവർഷം മൂന്ന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതികൾക്കെല്ലാം ആവശ്യമായ തെരുവുവിളക്കുകൾ KSIE യിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്.

1.

| | |
|---|---|
| പ്രോജക്റ്റ്-65/21-വിവിധ വാർഡുകളിൽ LED തെരുവുവിളക്ക് വാങ്ങൽ | അടങ്കൽ-444691(തനത് ഫണ്ട്) |
| ചെലവ്- 387000 | നിർവഹണം- സെക്രട്ടറി |
| ബിൽ നം-ചെക്ക് നം 5730010/LGTSB/22.2.20 | ഇൻവോയ്സ് നം -PKDBC/00096(1),11.11.2020,<br>24 W LED, 172 എണ്ണം |
| എഗ്രിമെന്റ്- 6/20-21/Sec/Ngp Dt12.10.2020 | നിർവഹണ ഏജൻസി - KSIE |

2.

| | |
|---|---|
| പ്രോജക്റ്റ്- 387/21-വിവിധ വാർഡുകളിൽ LED തെരുവുവിളക്ക് വാങ്ങൽ(so) | അടങ്കൽ- 475000(തനത് ഫണ്ട്) |
| ചെലവ് - 453150(തനത് ഫണ്ട്) | നിർവഹണം -സെക്രട്ടറി |
| ബിൽ നം-ചെക്ക് നം 5730002/LGTSB /22.01.2021 | ഇൻവോയ്സ് നം -PKDBC/00096(2),11.11.2020,<br>32 W LED, 171എണ്ണം |
| എഗ്രിമെന്റ്- 6/20-21/Sec/Ngp Dt12.10.2020 | നിർവഹണ ഏജൻസി-KSIE |

3.

| | |
|---|---|
| പ്രോജക്റ്റ്- 421/21-വിവിധ വാർഡുകളിൽ<br>LED തെരുവുവിളക്ക് വാങ്ങൽ (So) | അടങ്കൽ- 642000(തനത് ഫണ്ട്) |
| ചെലവ് - 642000(തനത് ഫണ്ട്) | നിർവഹണം -സെക്രട്ടറി |

| | |
|---|---|
| ബിൽ നം- 3014751/LGTSB/1.7.2020<br>IT, GST കുറയ്ക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. | ഇൻവോയ്സ് നം<br>-PKDBC/000006(1),02.06.2020,<br>32W LED, 209 എണ്ണം<br>-PKDBC/000006(2),02.06.2020,<br>24W LED, 96 എണ്ണം |
| എഗ്രിമെന്റ്-പരിശോധനയ്ക്ക് ലഭ്യമായില്ല | നിർവഹണ ഏജൻസി- KSIE |

24വാട്ടിന്റെയും 32 വാട്ടിന്റെയും എൽ.ഇ.ഡി ലാമ്പുകൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ,(KSIE)എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.

തീരുമാനങ്ങൾ

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1.പ്രോക്യുർമെന്റ് കമ്മിറ്റിയിൽ തെരുവു വിളക്കുകൾ നേരിട്ട് വാങ്ങുന്നത് സംബന്ധിച്ച് തീരുമാനമില്ല.

2.ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24-09-2020ലെ തീരുമാനം നം. 2/2 പ്രകാരം KSIE എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്

സി. അക്രഡിറ്റഡ് ഏജൻസികളുടെചുമതലകൾ

1. 4-07-2019ലെ സ.ഉ(പി)നം. 77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം പ്രകാരം സിവിൽ നിർമാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് KSIEഎന്ന സ്ഥാപനത്തിന്അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 11 ൽ വ്യക്തമാക്കിയിട്ടുണ്ട്. KSIE എന്ന സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്.

KSIE എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ KSIEന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല.

2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.46, 9.47, 9.48 എന്നിവയിൽ സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടറിലെ നിരക്ക് യുക്തിഭദ്രമാണോ (Reasonable)എന്ന് പരിശോധിക്കുവാനും യുക്തിഭദ്രമല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുമായി മാത്രം വില പേശൽ നടത്തി വില കുറവ് ചെയ്യുവാനും ഉദ്ദേശിച്ച നിരക്കിലേക്ക്കുറവ് ചെയ്യാത്തപക്ഷം പുനർടെണ്ടർ നടത്തേണ്ടതാണെന്ന നിബന്ധനയുമുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത വാങ്ങലുകൾ നേരിട്ടുള്ള വാങ്ങൽ നടത്തിയപ്പോൾ എപ്രകാരമാണ് എൽ.ഇ.ഡി ലാമ്പുകളുടെ വില നിശ്ചയിച്ചതെന്നതിന് രേഖകൾ ഇല്ല.മാത്രമല്ല മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുത്തി സ്ഥാപനത്തിന്റെ യുക്തിഭദ്രത ഉറപ്പാക്കിയിട്ടുമില്ല.

ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ KSIE മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് KSIE യിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത്.

ഇ)സപ്ലൈ ചെയ്തതിന്റെ വിവരം

പ്രസ്തുത സ്ഥാപനത്തിൽ നിന്നും തൻവർഷത്തിൽ മേൽ സൂചിപ്പിച്ച മൂന്ന് പ്രോജക്റ്റുകളിൽ നിന്നായി ആകെ LED ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി KSIE മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2019-20ൽ ആരംഭിച്ച് 2020-21 ലേക്ക് പ്രസ്തുത പദ്ധതി സ്പിൽ ഓവറായി കൊണ്ടു വരികയും ഇതേ സ്ഥാപനത്തിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾ വാങ്ങി വിവിധ വാർഡുകളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ലാമ്പുകൾ സ്ഥാപിച്ചതിന് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

എഗ്രിമെന്റ്

65/21, 381/21 എന്നീ രണ്ടു പദ്ധതികൾക്കുമായി ഒരു എഗ്രിമെൻറാണ് പരിശോധനയ്ക്ക് ലഭിച്ചത്. 12.10.2020 ലെ6/20-21/Sec/Ngp നമ്പർ എഗ്രിമെന്റ് പ്രകാരം ലാമ്പുകൾക്ക് ഒരു വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

421/21(170/20) പദ്ധതിയുടെ എഗ്രിമെന്റ് പരിശോധനയക്ക് ലഭിച്ചില്ല. ഈ പദ്ധതിയുടെ ചെലവ് തുക KSIEയ്ക്ക് അനുവദിക്കുന്നതിൽ IT , GST ഈടാക്കാതെയാണ് 642000 രൂപ അനുവദിച്ചിരിക്കുന്നത്.

അക്രഡിറ്റഡ് ഏജൻസിയായ KSIEയ്ക്ക് GO(P) No.77/2019/Fin, Dtd 4.7.2019 പ്രകാരം സിവിൽ നിർമാണ പ്രവൃത്തികൾക്ക് PMC ആയി പ്രവർത്തിക്കുന്നതിനുള്ള അനുമതിയാണ് ലഭിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ (ഡി. എ) വകുപ്പിന്റെ 2.2.2016ലെ സ.ഉ.(സാധാ)നം 3299/2016/ത.സ്വ.ഭ.വ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ അക്രഡിറ്റഡ് സ്ഥാപനങ്ങൾ സ്വയം നിർമിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.അങ്ങനെയല്ലാത്ത സാമഗ്രികൾ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന ആയിരിക്കണമെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ 10.11.2020ലെ PAN/13189/2020/J8(DP) നമ്പർ കത്തിൽ തദ്ദേശസ്വയംഭരണ (ഡി. എ) വകുപ്പിന്റെ 21.10.2020ലെ സ.ഉ.(സാധാ)നം 1978/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഖണ്ഡിക 3ൽ " അക്രഡിറ്റേഷൻ ഉത്തരവുകളിൽ Enlist ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും Bidding മുഖേനയാണ് ഒരു പ്രവൃത്തിയ്ക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത്" എന്നും ടി നിബന്ധന പാലിക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്.

25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.20-21 ൽ ഗ്രാമപഞ്ചായത്ത് GeM രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോ, ഇത് ഉപയോഗിച്ച് വാങ്ങലുകൾ നടത്തിയിട്ടുണ്ടോ എന്നതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

തെരുവു വിളക്ക് വാങ്ങൽ പദ്ധതികളിലൂടെ സ്ഥാപനം സ്വന്തമായി നിർമിക്കാത്തതും പി. എം. സി ആയി പ്രവർത്തിക്കുന്നതിനുള്ള അക്രഡിറ്റേഷൻ മാത്രമുള്ള KSIEനിന്നും തെരുവു വിളക്കുകൾ നേരിട്ട് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് മറുപടി ലഭിച്ചില്ല .

1-32 മിനി ഹൈമാസ്റ്റ് ലൈറ്റ് വാങ്ങൽ പദ്ധതി- നടപടിക്രമങ്ങളിൽ അപാകം

സാമ്പത്തിക വർഷത്തിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് വാങ്ങി സ്ഥാപിച്ചത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ എന്ന് പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

KSIE യിൽ നിന്നാണ് പദ്ധതിയുള്ള മിനി ഹൈമാസ്റ്റ് ലൈറ്റ് വാങ്ങിയിരിക്കുന്നത്. ഇതിനായി തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ:

| | |
|---|---|
| പ്രോജക്റ്റ്- 63/21-വിവിധ വാർഡുകളിൽ മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | അടങ്കൽ- 100000(തനത് ഫണ്ട്) |
| ചെലവ്- 99800(തനത് ഫണ്ട്) | നിർവഹണം- സെക്രട്ടറി |
| ചെക്ക് നം628691/BOB/30.3.21-97804<br>IT- 998<br>KCWWF-998<br>Total -1996 | ഇൻവോയ്സ് നം -PKDBC/00189, .22.2.2021, - 99800<br>LED Mini Mast Light 9 Mtr Pole, LED Flood Lights 100 W , 6 Nos And All Accessories Installation Charges |
| എഗ്രിമെന്റ്- 8/20-21/Sec/Ngp Dt 26.2 .2021 | നിർവഹണ ഏജൻസി - KSIE |

100 വാട്ടിന്റെ 6എൽ.ഇ.ഡി Flood Light ഉൾപ്പെട്ട 9 മീറ്റർ പോളിൽ സ്ഥാപിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇവ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് , (KSIE)എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.ടി സ്ഥാപനത്തിന്റ് പ്രോഫോമ ഇൻവോയ്സ് പ്രകാരം കുറഞ്ഞ നിരക്കിലുള്ള ലൈറ്റ് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്.

തീരുമാനങ്ങൾ

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1.പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് നേരിട്ട് വാങ്ങുന്നത് സംബന്ധിച്ച് തീരുമാനമില്ല.

2.ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19-2-2021ലെ തീരുമാനം നം. 12 പ്രകാരം KSIE എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

സി. അക്രഡിറ്റഡ് ഏജൻസികളുടെചുമതലകൾ

1. 4-07-2019ലെ സ.ഉ(പി)നം. 77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധം ക്രമ നം 13പ്രകാരം ജനറൽ സിവിൽ നിർമാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് KSIEഎന്ന സ്ഥാപനത്തിന്അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 11 ൽ വ്യക്തമാക്കിയിട്ടുണ്ട്. KSIE എന്ന സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്.

KSIE എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ KSIEന് ടെണ്ടർ കൂടാതെ നേരിട്ട് മിനി ഹൈമാസ്റ്റ് ലൈറ്റ് വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല.

ഗ്രാമപഞ്ചായത്തിൽ പ്രസ്തുത വാങ്ങലുകൾ നേരിട്ടുള്ള വാങ്ങൽ നടത്തിയപ്പോൾ എപ്രകാരമാണ് ഹൈമാസ്റ്റ് ലാമ്പുകളുടെ വില നിശ്ചയിച്ചതെന്നതിന് രേഖകൾ ഇല്ല.മാത്രമല്ല മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുത്തി സ്ഥാപനത്തിന്റെ യുക്തിഭദ്രത ഉറപ്പാക്കിയിട്ടുമില്ല.

KREWS മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്.

നിർവഹണ രീതി ഡയറക്ട് എന്നാണ് പ്രോജക്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് നിന്നും മിനി ഹൈമാസ്റ്റ് ലൈറ്റ് ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയത്.

ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി KSIE മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ലാമ്പുകൾ സ്ഥാപിച്ചതിന് KSEBയുടെ സാക്ഷ്യപത്രം ഇല്ല.

എഗ്രിമെന്റ്

12.10.2020 ലെ6/20-21/Sec/Ngp നമ്പർ എഗ്രിമെന്റ് പ്രകാരം ലാമ്പുകൾക്ക് ഒരു വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

അക്രഡിറ്റഡ് ഏജൻസിയായ KSIEയ്ക്ക് GO(P) No.77/2019/Fin, Dtd 4.7.2019 പ്രകാരം സിവിൽ നിർമാണ പ്രവൃത്തികൾക്ക് PMC ആയി പ്രവർത്തിക്കുന്നതിനുള്ള അനുമതിയാണ് ലഭിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ (ഡി. എ) വകുപ്പിന്റെ 2.2.2016ലെ സ.ഉ.(സാധാ)നം 3299/2016/ത.സ്വ.ഭ.വ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ അക്രഡിറ്റഡ് സ്ഥാപനങ്ങൾ സ്വയം നിർമിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.അങ്ങനെയല്ലാത്ത സാമഗ്രികൾ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന ആയിരിക്കണമെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ 10.11.2020ലെ PAN/13189/2020/J8(DP) നമ്പർ കത്തിൽ തദ്ദേശസ്വയംഭരണ (ഡി. എ) വകുപ്പിന്റെ 21.10.2020ലെ സ.ഉ.(സാധാ)നം 1978/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഖണ്ഡിക 3ൽ " അക്രഡിറ്റേഷൻ ഉത്തരവുകളിൽ Enlist ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും Bidding മുഖേനയാണ് ഒരു പ്രവൃത്തിയ്ക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത്" എന്നും ടി നിബന്ധന പാലിക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്.

25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.20-21 ൽ ഗ്രാമപഞ്ചായത്ത് GeM രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോ, ഇത് ഉപയോഗിച്ച് വാങ്ങലുകൾ നടത്തിയിട്ടുണ്ടോ എന്നതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല

പദ്ധതിയിലൂടെ സ്ഥാപനം സ്വന്തമായി നിർമിക്കാത്തതും പി എം സി ആയി പ്രവർത്തിക്കുന്നതിനുള്ള

അക്രഡിറ്റേഷൻ മാത്രമുള്ള KSIEയിൽ നിന്നും മിനിഹൈമാസ്റ്റ് ലൈറ്റ് നേരിട്ട് വാങ്ങിയതിന്

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2020-21 | 4.4.2022- 19.4.2022 | അനുബന്ധം 1 കാണുക |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 0 | 1000000 |
| | 20-21 | 935000 | 31/21-നെൽകൃഷി വികസം | 935000 | 0 |
| | 20-21 | 672000 | 259/21-നെൽകൃഷി വികസം | 672000 | 0 |
| | 2020-21 | 935000 | നെൽകൃഷി വികസനം (മുണ്ടകൻ) | 935000 | 0 |
| | | 672000 | നെൽകൃഷി വികസനം (മുണ്ടകൻ) Spill Over | 672000 | 0 |
| | | 640000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 640000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | | 410150 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന ധനസഹായം | 410150 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 34018 | കൃഷി വികസനം | 34000 | 18 |
| | 2019-20 | 251465 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 0 | 251465 |
| | 2019-20 | 112901 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 0 | 112901 |
| | 2020-21 | 672000 | നെൽകൃഷി വികസനം (മുണ്ടകൻ) Spill Over | 672000 | 0 |
| | | 2000000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 2000000 | 0 |
| | | 140000 | ക്ഷീരകർഷകർക്ക് പാലിന് | 140000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവ്-ചെലവ് കണക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. സാംഖ്യ ലെഡ്ജറുകളുടെ അടിസ്ഥാനത്തിലുള്ള തുകകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.
ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്റ്റുകളുടെ തുക അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | നിർവഹണ ഏജൻസി/ സെക്ഷൻ | റിമാർക്സ് |
|---|---|---|---|---|---|
| കെ എസ് ഇ ബി | 62/21-കുളപ്പിടയിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ | ചെക്ക് 1795630/LGTSB /15.12.20 | 189472(തനത് ഫണ്ട്) | KSEB പേങ്ങാട്ടിരി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| | 95/21-വാർഡ് 13 ലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ചെക്ക് 2604896/23.9.2020 | 39591(തനത് ഫണ്ട്) | KSEB പേങ്ങാട്ടിരി | എഗ്രിമെന്റ് , വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| | 240/21-മാവുണ്ടിരിക്കടവ് സ്ട്രീറ്റ് മെയിൻ വലിക്കൽ | ചെക്ക് 2604895/14.9.20 | 499225(തനത് ഫണ്ട്) | KSEB പേങ്ങാട്ടിരി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | നിര്വഹണ ഏജൻസി/സെക്ഷൻ | റിമാർക്സ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 191/21-പേങ്ങാട്ടിരി-പോത്തേങ്ങൽ-പട്ടിണിപ്പാറ കുന്നശ്ശേരി പൈപ്പ് ലൈൻ നീട്ടൽ | 20/30-10-2020 | 130000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | KWA,PH ഡിവിഷൻ, ഷൊർണ്ണൂർ | എഗ്രിമെന്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| | 301/21-പട്ടിണിപ്പാറ കുന്നശ്ശേരി കുടിവെള്ളം | 1/16.4.2020. | 75000(വികസന ഫണ്ട് -SCP) | KWA | എഗ്രിമെന്റ് , വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| | 472/21-ജൽജീവൻ മിഷൻ പദ്ധതി-പഞ്ചായത്ത് വിഹിതം നൽകൽ | 36/30.3.21 | 525000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | KWA | എഗ്രിമെന്റ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 886000 രൂപ വരവുണ്ട്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | 2018-19 വർഷം ലഭ്യമായത്- 8900000<br>2020-21 വർഷം ലഭിച്ചത്- 886000<br>ആകെ -8900000 | 8900000 | 1025334 | - | 7874666 |

വായ്പയുടെ വിനിയോഗം, വായ്പ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി ലോൺരജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5, B-6 എന്നിവയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 115630333 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹. 100445974 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹.247697 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഭാഗം(1) പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 107895 | ശ്രീ.നിനാദ്.കെ.ആർ ,അസി.എൻജിനിയർ |
| ആകെ | 107895 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 247697 | ശ്രീമതി.അഖില.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 247697/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 1-25 | 892 | IT | കേന്ദ്ര സർക്കാർ | ശ്രീ.നിനാദ്.കെ.ആർ, അസി,എൻജിനിയർ |
| | 892 | | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| (1)ശ്രീ.നിനാദ് .കെ.ആർ അസിസ്റ്റന്റ്എഞ്ചിനീയർ | എംപ്ലോയ്മെന്റ് നിയമനം | കോട്ടിക്കൽ (H). പുതുക്കാട്,(PO) തൃശ്ശൂർ ജില്ല. 680301 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | LF.P13.596/08/21-2-09 | 6 |
| 1999-00 | LF.P13.597/08/21-2-09 | 4 |
| 2000-01 | LF.P13.598/08/21-2-09 | 9 |
| 2001-02 | LF.P13.599/08/21-2-09 | 7 |
| 2002-03 | LF.P13.600/08/21-2-09 | 11 |
| 2003-04 | LF.P13.601/08/21-2-09 | 5 |
| 2004-05 | LF.P13.1003/09/5-12-09 | 7 |
| 2005-06 | LF.P13.695(2)/12/8-5-12 | 8 |
| 2006-07 | LF.P13.177/11/7-3-11 | 7 |
| 2007-08 | LF.P13.695(4)/12/16.3.12 | 6 |
| 2008-09<br>2009-10<br>2010-11 | LF.P16/952/13/7-4-14 | 13 |
| 2011-12 | LF.P16.1967/14/4-12-2014 | 6 |
| 2012-13<br>2013-14 | കെ.എസ്.എ-പികെഡി16/1403/2015/ 8.1.2016 | 9 |
| 2014-15 | കെ എസ് എ -പി കെ ഡി16/ 1209/16 /28.07.2016 | 4 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി16/ 1880/16/7-1-17 | 5 |
| 2016-17 | നം.കെ.എസ്.എ-പി.കെ.ഡി.16-1323/17തീയതി. 11/09/2017 | 6 |
| 2017-18 | നമ്പർ കെ.എസ്.എ-പികെഡി-16-1909/2018 തി.17.09.2018. | 7 |
| 2018-19 | നമ്പർ കെ.എസ്.എ-പികെഡി-16-1276/2019 തി.1.11.2019 | 3 |
| 2019-20 | നമ്പർ കെ.എസ്.എ-പികെഡി-16-1003/ 2022 തീയതി 21/07/2022 | |

തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്ക് സംക്ഷിപ്തം

| | | | |
|---|---|---|---|
| | Nellaya Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 31585675.00 |
| Cash | Cash | RP-40(a) | 1250.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 787560.00 |
| 140000000 | Fees & User Charges | RP-4 | 1019261.00 |
| 150000000 | Sale & Hire Charges | RP-5 | 234444.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 66284645.00 |
| 171000000 | Interest Earned | RP-9 | 246992.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9232496.00 |
| 350000000 | Other Liabilities | RP-36 | 69543.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 330000000 | Secured Loans | RP-32 | 886000.00 |
| 340000000 | Deposits Received | RP-34 | 289946.00 |
| 350000000 | Other Liabilities | RP-36 | 297377.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4680144.00 |
| 460000000 | Loans, Advances and Deposits | RP-47 | 15000.00 |
| | Grand total | | 115630333.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3250814.00 |
| 220000000 | Administrative Expenses | RP-12 | 3164770.00 |
| 230000000 | Operations & Maintenance | RP-13 | 1409567.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 8518083.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 25141489.00 |
| 252000000 | Decentralised Plan Programme- | RP-17 | 9781656.00 |

| | | | |
|---|---|---|---|
| | Infrastructure Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1063164.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 787570.00 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Nellaya Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5188619.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 219065.00 |
| 140000000 | Fee & User Charges | I-4(b) | 1097711.00 |
| 150000000 | Sale & Hire Charges | I-5(b) | 234444.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 158430054.00 |
| 171000000 | Interest Earned | I-8 | 246992.00 |
| | Total Income | | 165416885.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8836897.00 |
| 220000000 | Administrative Expenses | I-11(b) | 3164770.00 |
| 230000000 | Operations & Maintenance | I-12(b) | 1908137.00 |
| 240000000 | Interest & Finance Charges | I-13 | 27974.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8907555.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 40175380.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 10208179.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1063164.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) Decentralized Plan Programme) | I-14(d) | 78598670.00 |
| 255000000 | Maintenance Projects | I-14(e) | 7650472.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 29144.00 |
| 272000000 | Depreciation | I-17(a) | 7216835.00 |
| | Total Expenditure | | 167787177.00 |
| | Gross Surplus/ Deficit of income over Expenditure | | -2370292.00 |
| 280000000 | Prior Period Item | I-18 | 19198.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2389490.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Nellaya Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 36108452.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3970.00 |
| 312000000 | Reserves | B-3 | 40869930.00 |
| | Total Reserve & Surplus | | 76982352.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10157554.00 |
| | Total Grants, Contributions for Specific Purposes | | 10157554.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 7874666.00 |
| | Total Loans | | 7874666.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 416665.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1173317.25 |
| | Total Current Liabilities and Provisions | | 1589982.25 |
| | TOTAL LIABILITIES | | 96604555.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 72082993.00 |
| 411000000 | Accumulated Depreciation | B-11 | -23324797.00 |
| 412000000 | Capital Work in Progress | B-11(a) | 1659045.00 |
| | Total Fixed Assets | | 50417241.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 21855601.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 7874666.00 |
| 450000000 | Cash and Bank Balance | B-17 | 15184359.00 |
| 460000000 | Loans, Advances and Deposits | B-18 | 1272688.00 |
| | | | |

ഡെപ്യൂട്ടി ഡയറക്ടർ